# പതിനാലാം കേരള നിയമസഭ
## (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4024** **19.03.2018-ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുവാൻ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.യു. ആർ. പ്രദീപ് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും<br>കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്തെ ഉൾനാടൻ മത്സ്യഉല്പാദനം ഒരോ വർഷവും ശരാശരി എത്ര ടൺവരും? വസ്തുനിഷ്ഠമായ | എ) സംസ്ഥാനത്തെ കഴിഞ്ഞ മൂന്നു വർഷത്തെ ഉൾനാടൻ മത്സ്യ ഉല്പാദനം സംബന്ധിച്ച വസ്തുനിഷ്ഠമായ കണക്കുകൾ ചുവടെ ചേർക്കുന്നു. |

| വർഷം | ഉല്പാദനം (മെട്രിക് ടൺ) |
| --- | --- |
| 2014-15 | 201545 |
| 2015-16 | 210762 |
| 2016-17 | 188130 |

| | |
| --- | --- |
| ബി) ഉൾനാടൻ മത്സ്യകൃഷി സംസ്ഥാനത്ത് വർദ്ധിപ്പിച്ച് കൂടുതൽ ഉല്പാദനം ഉണ്ടാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? വിശദാംശം വ്യക്തമാക്കുമോ? | ബി) ഉൾനാടൻ മത്സ്യകൃഷി സംസ്ഥാനത്ത് വർദ്ധിപ്പിച്ച് കൂടുതൽ ഉല്പാദനം ഉണ്ടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ആഫീസർ

# അനുബന്ധം

ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതി നടപ്പിലാക്കുന്നു. ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി 2017-18 സാമ്പത്തിക വർഷം വിവിധ ഘടകങ്ങൾക്കായി 48.88 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷണത്തിനും പരിപാലനത്തിനുമായി 350 ലക്ഷം രൂപയുടെ പദ്ധതികളും പുതിയ മത്സ്യോല്പാദന കേന്ദ്രങ്ങളും ഹാച്ചറികളും സ്ഥാപിക്കുന്നതിനായി 900 ലക്ഷം രൂപയുടെ പദ്ധതികളും, നിലവിലുളള ഫാമുകളുടെയും ഹാച്ചറികളുടെയും വികസനങ്ങൾക്കും പ്രവർത്തനങ്ങൾക്കുമായി 800 ലക്ഷം രൂപയുടെ പദ്ധതികളും ജലകൃഷി വ്യാപന പ്രവർത്തനങ്ങൾക്കായി 2838 ലക്ഷം രൂപയുടെ പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിവരുന്ന ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതിയുടെ ഭാഗമായി മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന ഘടകപദ്ധതികൾ ചുവടെ ചേർക്കുന്നു.

1. മാതൃകാ ശുദ്ധജല മത്സ്യകൃഷി ഫാമുകൾ
2. ചെറുകുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി
3. വലിയ കുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി
4. ചെമ്മീൻ കൃഷി
5. പാടശേഖരങ്ങളിലെ മത്സ്യകൃഷി

കൂടാതെ ബ്ലൂ റെവല്യൂഷൻ സ്കീമിൽ ഉൾപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി 9 പദ്ധതികൾക്ക് 686.6 ലക്ഷം രൂപയുടെ കേന്ദ്ര സഹായം ലഭിക്കുകയും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി | യൂണിറ്റ്/ ഹെക്ടർ | ഒരു യൂണിറ്റിന് നൽകുന്ന സബ്സിഡി (40%) |
|---|---|---|---|
| 1 | കല്ലുമ്മേയ്ക്കായ കൃഷി | 2000 | 6000/- |
| 2 | ഓരുജലങ്ങളിലെ കൂടുകൃഷി | 80 | 1.2 ലക്ഷം/യൂണിറ്റ് |
| 3 | പുനഃപര്യയന മത്സ്യകൃഷി (ആർ.എ.എസ്) | 100 | 2.4 ലക്ഷം/യൂണിറ്റ് |
| 4 | മത്സ്യകൃഷിക്കായി വാട്ടർ ലോഗ് പ്രദേശം പുനരുദ്ധരിക്കൽ | 80 ഹെക്ടർ | 2 ലക്ഷം/ഹെക്ടർ |

| | | | |
|---|---|---|---|
| 5 | പുനരുദ്ധരിച്ച വാട്ടർ ലോഗ് പ്രദേശത്ത് മത്സ്യകൃഷിക്കുള്ള ഇൻപുട്ട് സബ്സിഡി | 80 ഹെക്ടർ | 60000 രൂപ/ഹെക്ടർ |
| 6 | നവീകരിച്ചുള്ള കുളങ്ങളിലെ ചെമ്മീൻകൃഷിക്കുള്ള ഇൻപുട്ട് സബ്സിഡി | 80 ഹെക്ടർ | 1.2 ലക്ഷം/ഹെക്ടർ |
| 7 | ചെമ്മീൻകൃഷിക്കുള്ള കുളം നവീകരണം | 80 ഹെക്ടർ | 1.4 ലക്ഷം/ഹെക്ടർ |
| 8 | കുളം നവീകരിച്ചു കൊണ്ടുള്ള ഗിഫ്റ്റ് തിലാപ്പിയ കൃഷി | 40 ഹെക്ടർ | 2 ലക്ഷം/ഹെക്ടർ |
| 9 | കുളം നവീകരിച്ചു കൊണ്ടുള്ള ആസ്സാം വാള കൃഷി | 30 ഹെക്ടർ | 2 ലക്ഷം/ഹെക്ടർ |

**സെക്ഷൻ ഓഫീസർ**